പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 6423

08.11.2016-ൽ മറുപടിയ്ക്ക്

കൊല്ലങ്കോട് കേന്ദ്രമായി മജിസ്ട്രേറ്റ് കോടതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ചിറ്റൂർ താലൂക്കിൽപ്പെട്ട 2 പോലീസ് സർക്കിളുകൾ ഉൾപ്പെടെ 2 ഡിവിഷനുകളിലായി 8 ഫോറസ്റ്റ് റേഞ്ചുകളും കൊല്ലങ്കോട്, നെന്മാറ എക്സൈസ് റേഞ്ചുകളും ഉൾപ്പെട്ട കൊല്ലങ്കോട് മേഖലയിൽപ്പെട്ട കേസുകൾ വൈകുന്നത് മൂലം സർക്കാരിനുണ്ടാകുന്ന വൻസാമ്പത്തികനഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കേസുകൾ തീർപ്പാക്കാൻ വൈകുന്നതുമൂലം സർക്കാരിന് സ്വാഭാവികമായുണ്ടാകുന്ന സാമ്പത്തിക നഷ്ടം സംഭവിക്കാറുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിനായി ചിറ്റൂർ കോടതിയിൽ നിന്ന് കേസുകൾ വേർതിരിച്ച് കൊല്ലങ്കോട് കേന്ദ്രമായി മജിസ്ട്രേറ്റ് കോടതി തുടങ്ങാൻ ഹൈക്കോടതിയിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | നിലവിലുള്ള ചിറ്റൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അധികാര പരിധിയിൽ മാറ്റം വരുത്തിക്കൊണ്ട് കൊല്ലങ്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി രൂപീകരിക്കണമെന്ന ശുപാർശ ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (സി) മജിസ്ട്രേറ്റ് കോടതി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ